MATHRUBHUMI 13-03-2016

# വെളിച്ചെണ്ണയ്ക്ക് പ്രചാരവും പിന്തുണയും നല്കാൻ കേന്ദ്രം തയ്യാറാകണം

## സി.പി.സി.ആർ.ഐ. ശതാബ്ദി ആഘോഷം



കേന്ദ്ര തോട്ടവിള ഗവേഷണ കേന്ദ്രം ശതാബ്ദിയുടെ ഭാഗമായി പുറത്തിറക്കിയ ലോഗോ

**കാസർകോട്:** വെളിച്ചെണ്ണയ്ക്ക് പ്രചാരവും പിന്തുണയും നല്കാൻ കേന്ദ്രസർക്കാർ തയ്യാറാകണമെന്ന് ഇന്ത്യൻ കൗൺസിൽ ഓഫ് അഗ്രിക്കൾച്ചർ റിസർച്ച് ഡെപ്യൂട്ടി ഡയരക്ടർ ജനറൽ (ഹോർട്ടികൾച്ചർ) ഡോ. എൻ.കെ.കൃഷ്ണകുമാർ ആവശ്യപ്പെട്ടു. 100 വർഷം പൂർത്തിയാക്കുന്ന രാജ്യത്തെ അപൂർവം ഗവേഷണസ്ഥാപനങ്ങളിലൊന്നായിമാറിയ കാസർകോട് ആസ്ഥാനമായ കേന്ദ്ര തോട്ടവിള ഗവേഷണകേന്ദ്രത്തിന്റെ (സി.പി.സി.ആർ.ഐ.) ശതാബ്ദി ആഘോഷം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

ലോകത്തുള്ള ഏത് ഭക്ഷ്യഎണ്ണയേക്കാളും മികച്ചതാണ് ശുദ്ധവെളിച്ചെണ്ണയെന്ന് തെളിയിക്കപ്പെട്ടിട്ടുണ്ട്. ഈ സാഹചര്യത്തിൽ കേന്ദ്രസർക്കാരിന്റെ പിന്തുണയാണ് ആവശ്യം. ആവശ്യമായ പ്രചാരണം നല്കണം. ഇതിനൊപ്പം കേരകർഷകർക്ക് എല്ലാ സഹായവും ചെയ്യാൻ തയ്യാറാകണം. കാർഷികവിളകൾ ഉത്പാദിപ്പിക്കാൻ അറിയുന്ന കർഷകന് അതിന്റെ വിപണി പിടിക്കൽ അഥവാ പ്രചാരണതന്ത്രങ്ങൾ അറിയാത്തതാണ് പ്രധാന പ്രശ്നം. കേരവിളകൾ കൃഷി ചെയ്യുന്ന കർഷകരുടെ കൂട്ടായ്മയാണ് ഇതിനാവശ്യം. സഹകരണസംഘങ്ങൾ രൂപവത്കരിക്കുന്നതിലൂടെ വിളകൾക്ക് അർഹമായ വില ലഭിക്കുന്നതിന് സഹായകരമാകുമെന്നും അദ്ദേഹം പറഞ്ഞു.

ഒരു മിനിറ്റിനുള്ളിൽ വിവിധയിനങ്ങളിൽപ്പെട്ട 100 തെങ്ങിൻ തൈകൾ നടുകയെന്ന റെക്കോഡും ശനിയാഴ്ച സി.പി.സി.ആർ.ഐ.യിൽ കുറിച്ചു. രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽനിന്നെത്തിയ കർഷകർ 10.15-ഓടെ 100 തെങ്ങിൻ തൈകൾ നട്ടു. നാളികേരത്തിൽനിന്ന് ഉത്പാദിപ്പിക്കുന്ന ചോക്ലേറ്റും പുറത്തിറക്കി.